## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5053      24.10.2011 -ൽ മറുപടിക്ക്**

**നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ചുവരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | നിർമ്മാർജ്ജനം ചെയ്തു എന്നുകരുതിയ ഏതൊക്കെ രോഗങ്ങളാണ് വീണ്ടും കണ്ടെത്തിയിട്ടുള്ളതെന്നും എവിടെയെല്ലാമാണ് ഇവ റിപ്പോർട്ട് ചെയ്തതെന്നും വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലമ്പനി രോഗം തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഇപ്പോൾ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. |
| (ബി) | അപ്രകാരം റിപ്പോർട്ട് ചെയ്ത രോഗങ്ങളുടെ ഉത്ഭവ കാരണങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിൽ അടുത്ത കാലത്തായി വ്യാപകമായി മലമ്പനി രോഗം ഉണ്ടായതിനെക്കുറിച്ചും, ആലപ്പുഴ, കൊല്ലം ജില്ലകളിൽ വീണ്ടും പ്രത്യക്ഷപ്പെട്ട ജപ്പാൻ ജ്വരത്തെക്കുറിച്ചും ആരോഗ്യ വകുപ്പ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകൾ, സംസ്ഥാന ഐ.ഡി. എസ്.പി. എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ഇത് നടത്തുന്നതിന് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത രോഗങ്ങളുടെ വ്യാപനം തടയുന്നതിന് എന്തെല്ലം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | മലമ്പനി രോഗം കണ്ടെത്തിയ സ്ഥലങ്ങളിൽ രോഗനിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ രോഗ നിർണ്ണയം നടത്തി സമ്പൂർണ്ണ ചികിത്സ കാലേക്കൂട്ടി നൽകുന്നതിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കൊതുക് നശീകരണത്തിനായി വീടിനുള്ളിൽ കീടനാശിനി തളിക്കുകയും കൂത്താടികളെ നശിപ്പിക്കുന്നതിന് ജല ശേഖരങ്ങളിൽ മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും തുടങ്ങിയ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മലമ്പനി രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ